**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1830** **29-09-2025 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മഞ്ചേരി ഗവ:പോളിടെക്നിക് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ഒന്നും തന്നെ നിലവിൽ സർക്കാർ പരിഗണനയിൽ ഇല്ല. |
| (ബി) | മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന് പുതിയ അധ്യാപക, അനധ്യാപക തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | മഞ്ചേരി സർക്കാർ പോളിടെക്നിക് കോളേജിൽ ലാബ്, വർക്ക്ഷോപ്പ് എന്നിവിടങ്ങളിലേക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച് വരികയാണ്. ആവശ്യമായ തസ്തികകൾ, ഷിഫ്റ്റ് ചെയ്യാവുന്ന തസ്തികകൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന് പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; നിലവിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ; | (സി) | മഞ്ചേരി സർക്കാർ പോളിടെക്നിക് കോളേജിലെ പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടത്തിൻറെ ആദ്യ ഘട്ട നിർമ്മാണത്തിനായി 6,50,00,000/- രൂപയുടെ ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിനു വേണ്ടി പുതുതായി നിർമ്മിച്ച ക്ലാസ് മുറികൾ അടങ്ങുന്ന കെട്ടിടം നാളിതുവരെ പ്രവർത്തനക്ഷമമാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതിന് നേരിടുന്ന തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ